# കുരുന്നുകളുടെ കാൽവെപ്പ്
# ആശങ്കകളുടെ വിദ്യാലയവർഷത്തേക്ക്

**എം.ഷാജഹാൻ**
**ജനറൽ സെക്രട്ടറി**
**കെ.എസ്.ടി.എ**

ജൂൺ 4 ന് പുതിയ വിദ്യാലയവർഷം ആരംഭിക്കുകയാണ്. 40 ലക്ഷം കുട്ടികളും ഒരുലക്ഷത്തി അറുപതിനായിരത്തോളം അധ്യാപകരും ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ഏറ്റവും ശക്തമായ പൊതു വിദ്യാഭ്യാസം സജീവമാകുകയാണ്. 12-ാം തരംവരെ വിദ്യാഭ്യാസം അവകാശമായി പ്രഖ്യാപിക്കാൻ കഴിയുന്ന വിധത്തിൽ സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നിലവിലുള്ള രാജ്യത്തെ ഏകസംസ്ഥാനം. കുറ്റമറ്റ പൊതുപരീക്ഷകൾ, സമയബന്ധിതമായ പരീക്ഷാഫലം, സാമൂഹ്യനീതി ഉറപ്പാക്കുന്ന സുതാര്യമായ ഏകജാലകപ്രവേശനം ഉറപ്പാക്കുന്ന ഹയർസെക്കന്ററി, താൽപര്യമുള്ള അരലക്ഷം കുട്ടികൾക്കു തെരഞ്ഞെടുക്കാവുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ, 8-ാം ക്ലാസുവരെ പാഠപുസ്തകങ്ങൾ സൗജന്യം തുടങ്ങി നിരവധി ആനുകൂല്യങ്ങളും വിദ്യാർത്ഥികളെ സംരക്ഷി ക്കാനുള്ള സംവിധാനങ്ങളുമുള്ള കേരളത്തിലെ  പൊതുവിദ്യാഭ്യാസ സംവിധാനം ശക്തമായി നില നിൽക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കുന്ന നയങ്ങളുമായി യു.ഡി.എഫ് സർക്കാർ മുന്നോട്ടുപോകുകയാണ്.

10 ലക്ഷം കുട്ടികൾക്കുകൂടി പഠിക്കുവാനുള്ള സൗകര്യം ഇന്ന് കേരളത്തിലെ പൊതുവിദ്യാ ലയങ്ങളിലുണ്ട്. കുട്ടികളുടെ കുറവുമൂലം ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്മുറികളും തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയ യോഗ്യതയുള്ള അധ്യാപകരുമുള്ള സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾക്ക് അംഗീ കാരം കൊടുക്കുന്നതിന്റെ ലക്ഷ്യമെന്താണ്. 184 സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി കൊടു ത്തത് ഭരണനേട്ടമായി പ്രഖ്യാപിച്ച ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയാണ് ശ്രീമാൻ അബ്ദുറബ്ബ്. പുതിയ സ്കൂളുകളുടെ അംഗീകാരത്തിനുള്ള നിബന്ധനകൾ കോടതി റദ്ദാക്കിയപ്പോൾ വിദ്യാഭ്യാസ മന്ത്രി ഉള്ളിൽ സന്തോഷിച്ചുകാണും. നിബന്ധനകൾ ഉള്ളതിനാൽ 354 സ്കൂളുകളാണ് അപേക്ഷ നൽകിയത്. കോടതി വിധിയെത്തുടർന്ന് 600 സ്കൂളുകൾക്ക് അപേക്ഷ നൽകി അംഗീകാരം നേടാ നുള്ള വഴിയൊരുക്കി. രണ്ടായിരത്തി ഒരുന്നൂറോളം സംസ്ഥാന സിലബസിലുള്ള അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം കിട്ടാനായി കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് അപേക്ഷ പരിഗണിച്ചതായിരുന്നു. എതിർപ്പിനെ തുടർന്ന് അംഗീകാരം നൽകിയില്ല. എന്നാൽ ഈ അപേക്ഷ കൾ പരിഗണിച്ച് ഒന്നാം വർഷം ആഘോഷിക്കുന്ന യു.ഡി.എഫ് സർക്കാർ അംഗീകാരത്തിന് നട പടി സ്വീകരിച്ചിരിക്കുകയാണ്.

ഇവിടെയുള്ള 12,000 സ്കൂളുകളിൽ 3,600 എണ്ണം കുട്ടികൾ കുറഞ്ഞതിന്റെ ഫലമായി (അൺ -എക്കണോമിക്) അടച്ചുപൂട്ടൽ ഭീക്ഷണിയിലാണ് (ഒരു കി.മീറ്റർ ദൂരപരിധിക്കുള്ളിൽ 5-ാം ക്ലാസു വരെയും മൂന്നുകിലോമീറ്റർ പരിധിയിൽ 8-ാം ക്ലാസുവരെയും കുട്ടികൾക്ക് പഠിക്കാൻ സ്കൂൾ ഉണ്ടാ വണം എന്നാണ് വിദ്യാഭ്യാസ അവകാശനിയമം നിഷ്ക്കർഷിക്കുന്നത്). 8,400 വിദ്യാലയങ്ങൾ എല്ലാ അർത്ഥത്തിലും മികവുള്ള വിദ്യാലയങ്ങളാണ്. 10,000 ത്തിലധികം കുട്ടികൾ പഠിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്കൂളും അയ്യായിരത്തോളം പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ പെൺകുട്ടികളുടെ വിദ്യാലയവും ഇക്കൂട്ടത്തിൽ ഉണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളും ഒരുവിവേചനവുമില്ലാതെ പഠിക്കുകയും മതേതരസാംസ്കാരികമൂല്യം അനുഭവിച്ചറിഞ്ഞു കൊണ്ട് മിടുക്കന്മാരായി പഠനം പൂർത്തിയാക്കുകയും ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളെ ആർക്കും നിഷേധിക്കാൻ കഴിയില്ല. നഗരപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും ഏറ്റവും മികവുള്ള അധ്യാപ കരുടെ ശിക്ഷണത്തിൽ ഏറ്റവും മെച്ചപ്പെട്ട പരീക്ഷാഫലം കരസ്ഥമാക്കാൻ കഴിയുന്ന തരത്തിൽ പൊതുവിദ്യാലയങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയും, 'ഗുണമേന്മയുമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന എൽ.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ പദ്ധതിയും സ്കൂളന്തരീ ക്ഷത്തിൽ അത്ഭുതകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിവേഗത്തിൽ മുന്നേറിയ പൊതുവിദ്യാ ലയങ്ങളുടെ നേട്ടമാണ് ഇക്കൊല്ലവും എസ്.എസ്.എൽ.സി, ഹയർസെക്കന്ററി പരീക്ഷാ ഫലത്തി ലൂടെ പ്രകടമായത് സർക്കാർ നയം എന്നനിലയിൽ ഇനിയും പുതിയ വിദ്യാലയങ്ങൾക്ക് അംഗീ

കാരം കൊടുത്താൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന 8400 സ്കൂളുകളും തകർച്ചയിലേക്ക് പോകും എന്നതിന് സംശയമില്ല. അനധികൃത സ്കൂളുകൾ അടച്ചുപൂട്ടാനുള്ള വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുപകരം ആവശ്യത്തിന് സ്കൂളുകളില്ലാത്ത ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേതുപോലെ അംഗീകാരം നൽകുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇത് കേരളം പടുത്തുയർത്തിയ പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ അടിത്തറതന്നെ തകർക്കുന്നതിന് ഇടയാക്കും.

പൊതുവിദ്യാഭ്യാസ സംവിധാനത്തിൽ ഏറ്റവും ശ്രദ്ധേയമായിമാറിയത് അക്കാദമിക് അനുബന്ധ സ്ഥാപനങ്ങളുടെ വളർച്ചയാണ്. എസ്.സി.ഇ.ആർ.ടി, ഐ.ടി.@.സ്കൂൾ, സീമാറ്റ് എന്നീ സ്ഥാപനങ്ങൾ ഇന്ത്യയിലെതന്നെ മികവുകളുള്ള സ്ഥാപനങ്ങളായി എൽ.ഡി.എഫ് സർക്കാർ മാറ്റിയിരുന്നു. കേരളാ പാഠ്യപദ്ധതി (കെ.സി.എഫ്-2007) തയ്യാറാക്കിയതിലൂടെ എസ്.സി.ഇ.ആർ.ടി. ദേശീയ ശ്രദ്ധ നേടി. സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലും ഐ.ടി അധിഷ്ഠിത പഠനവും വിദ്യാഭ്യാസ വകുപ്പിനെ സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറ്റിയ നടപടികളിലൂടെയും ഐ.ടി.@.സ്കൂളിന്റെ പ്രവർത്തനം ആഗോളശ്രദ്ധ പിടിച്ചുപറ്റിയതായിരുന്നു. സ്കൂൾ അധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനത്തിനുള്ള സീമാറ്റ് സ്ഥാപിച്ചത് മറ്റൊരു നേട്ടമാണ്. ഒരുവർഷംകൊണ്ട് യു.ഡി.എഫ് സർക്കാർ കരിക്കുലം കമ്മിറ്റി മുതൽ ഐ.ടി.@. സ്കൂളിന്റെയും എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനവും താളം തെറ്റിച്ചിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി.യുടെ എല്ലാ ഗവേഷണ പ്രവർത്തനങ്ങളെയും നിശ്ചലമാക്കി, മികവുള്ള മുഴുവൻ പേരേയും പിരിച്ചുവിട്ട് ലീഗ് നോമിനികളായ അയോഗ്യരായ കുറെപേരുടെ താവളമായി ഈ സ്ഥാപനത്തെ അധഃപതിപ്പിച്ചു. ഓപ്പൺ സ്കൂളിനെ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന സ്ഥാപനമാക്കി മാറ്റി. ഐ.ടി.@.സ്കൂൾ ലീഗിന്റെ മുൻപഞ്ചായത്ത് പ്രസിഡന്റിന്റെ താവളമാക്കി. എല്ലാ രംഗത്തുമുള്ള കഴിവുള്ള അധ്യാപകരെ പിരിച്ചുവിട്ടു. സീമാറ്റ് കോൺഗ്രസ് നേതാവായ ഡയറക്ടറുടെ കസേര ഉറപ്പിക്കുന്ന സ്ഥാപനമായി മാറി.

കേന്ദ്രഫണ്ട് ഉപയോഗിക്കുന്ന എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാണ്. കഴിഞ്ഞവർഷം ചിലവാക്കേണ്ടിയിരുന്ന 473 കോടിയിൽ 200 കോടിപോലും ചിലവഴിക്കാൻ കഴിയാത്ത പ്രോജക്ടായി എസ്.എസ്.എ പ്രവർത്തനം നിശ്ചലാവസ്ഥയിലായി. സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ അക്കാദമികരംഗത്ത് കഴിവുള്ളവരെ ഏകപക്ഷീയമായി പിരിച്ചുവിട്ടു. ആർ.എം.എസ്.എ ജില്ലാതലപ്രവർത്തനം ആരംഭിച്ചിട്ടേയില്ല. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ട കോടികണക്കിന് രൂപ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അധ്യാപക പരിശീലനം നടക്കാതെയാണ് പുതിയ അധ്യയനവർഷം ആരംഭിക്കുന്നത്. സ്കൂൾതല പ്ലാനിംഗ് നടന്നിട്ടില്ല. പ്രായപരിധിയുടെ പേരിലും ഘടനാമാറ്റത്തിന്റെ പേരിലും വലിയ ആശയക്കുഴപ്പങ്ങളുണ്ടാക്കി.

എല്ലാകുട്ടികൾക്കും യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും സർക്കാർ സ്കൂളിലുള്ള എല്ലാ കുട്ടികൾക്കുപോലും ഇപ്പോൾ നൽകുന്നില്ല. യഥാസമയം നടപടി സ്വീകരിക്കാതിരുന്നതിനാൽ സൗജന്യയൂണിഫോം കിട്ടേണ്ട 8-ാം തരം വരെ പഠിക്കുന്ന 28 ലക്ഷം കുട്ടികളിൽ 9.37 ലക്ഷം കുട്ടികൾക്കുമാത്രമേ നൽകാൻ കഴിയുകയുള്ളൂ. സൗജന്യ യൂണിഫോം പ്രതീക്ഷിച്ചിരുന്നതിനാൽ പുതിയത് വാങ്ങാൻ രക്ഷിതാക്കൾക്കും കഴിഞ്ഞില്ല. യൂണിഫോം ഇല്ലാതെയാണ് ഭൂരിഭാഗം കുട്ടികളും ഈ വർഷം സ്കൂളിലെത്തുക. അധ്യാപകരിലും വിദ്യാർത്ഥികളിലും ആശങ്കയുണർത്തുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകകയാണ്. പൊതുവിദ്യാലയം സംരക്ഷിക്കാനുള്ള ശക്തമായ പോരാട്ടം അനിവാര്യമാക്കുന്ന ഘട്ടത്തിലാണ് പുതിയ വിദ്യാലയവർഷം ആരംഭിക്കുന്നത്.